









ST. MICHAEL'S H.S.S. KADUTHURUTHY
PRO DEO ET PATRIA.

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

# സെന്റ് മൈക്കിൾസ് H.S.S

## കടുത്തുരുത്തി

# ജ്വാല

### ഒരു LITTLE KITE's

### പ്രസിദ്ധീകരണം

## "A JOURNEY OF READING"

Designed by pngtree

# ആശംസ

നൂറു വർഷം ഒരു സമൂഹത്തിന് അറിവിന്റെ പ്രകാശഗോപുരമായിരുന്ന കടുത്തുരുത്തി സെന്റ് മൈക്കിൾസ് സ്ക്രൂൾ. "കൈറ്റിന്റെ" നേതൃത്വത്തിൽ ഇന്ന് നമ്മുടെ ക്ലാസ് മുറികൾ ഹൈട്ടെക്ക് ആയി മാറിയിരിക്കുകയാണ്. ലോകം ക്ലാസ് മുറികളിൽ  ഓരോ കുട്ടിയുടെയും കൈക്കുമ്പിളിൽലൊതുങ്ങുന്നു. സെന്റ് മൈക്കിൾസിലെ ലിറ്റിൽ കൈറ്റ് അംഗങ്ങളുടെ സർഗ്ഗവാസനകളും സാങ്കേതിക മികവും ഒന്നു ചേരുന്നതാണ് ഈ മാഗസിൻ . ചിന്തയുടെ കനലുകൾ ജ്വലിപ്പിച്ച  ഈ ജ്വാല ശതാബ്ദി വർഷത്തിൽ പ്രകാശം പരത്തട്ടെ എന്ന് എല്ലാ കുഞ്ഞു പ്രതിഭകൾക്കും എന്റെ ആശംസകൾ.

എന്ന്,

ആർ സി വിൻസെന്റ്

(SCHOOL HEADMASTER )

Designed by pngtree

# Editorial Board

Sidharth Anilkumar (chief editor)

## Sub Editors

Vignesh Vinod

Ashik Aji

Akhil Abi

Jose k James

Jomon Johny

*THANKS FOR ALL LITTLE KITE MEMBERS*

Designed by pngtree

# അമ്മയെന്ന കെടാത്തിനാളം

*സമ്പാ: ആദിത്യകൃഷ്ണൻ എസ്*



അറിവിൻ  ആദ്യാക്ഷരം പകർന്നു
നൽകിയെൻ അമ്മ
ഞാനൊന്നു തേങ്ങുമ്പോൾ ആരോരും
അറിയാതെ കരയുന്നയെൻ അമ്മ
പള്ളിക്കൂടത്തിന്റെ ഇല്ലിപ്പടിക്കൽ
എന്നെ കൊണ്ടാക്കുമ്പോൾ പുഞ്ചിരി-
യോടെ എന്നെ നോക്കിനിൽക്കും അമ്മ
കാവിൽ തൊഴുകയാണെങ്കിൽ
നല്ലതു വരും ഉണ്ണിയെന്നു ചൊന്നയെൻ
അമ്മ
എന്റെ കാലൊന്നിടറിയാൽ ഓടി
യടുക്കൽ എത്തി ആശ്വസിപ്പിക്കും എൻ
അമ്മ
അവിടുന്നു തന്നെ ദൈവം
അവിടുന്നു തന്നെ ഗുരു
അവിടുന്നു തന്നെയെല്ലാം എൻ അമ്മേ
നിൻ മടിയിൽ ചായുറങ്ങാൻ എത്ര ഞാൻ നിനച്ചു
അല്ലയോ അമ്മേ അവിടുന്നു
ഒരു കെടാത്തിനാളം ആകുന്നു
അവിടുന്നു തന്നെ ദൈവം
അവിടുന്നു തന്നെ ഗുരു
അവിടുന്നു തന്നെയെല്ലാം

Designed by pngtree

# Matters of Friendship

Friend's occupy a huge part of our life and play a pivotal role in our future life. Among all relationship that we have in our life, the one that inspires much emotional investment is friendship.Some would have started their friendship based on a shared interest, some give and take partnership. Simply friendship is a relationship. In which we stand to receive validation of the kind person we are. If we ignore the minor annoyances, our friends suffer due to our occasional talks quirks , it is easy for us to notice that we enjoy a greatest deal of love and affection for the unique characteristics.

**Let us extend the spirit of friendship by being more courteous and pleasant to all the wonderful people we came across everyday.**



Jomon Johny


Designed by pngtree

# കടുത്തുരുത്തി ഒരു ലഘു ചരിത്രം

Sidharth Anilkumar

9b

കടുത്തുരുത്തി എന്ന കൊച്ചുഗ്രാമത്തിന്റെ ചരിത്രത്തിലേക്ക് നമുക്ക് ഒന്ന് തിരിഞ്ഞ് നോക്കാം. ഈ നാടിന്റെ പേരിനു തന്നെ ഒരു ചരിത്രം ഉണ്ട്. നൂറ്റാണ്ടുകൾക്കുമുമ്പ് ഇവിടം ഒരു ദ്വീപായിരുന്നു. കാലക്രമേണ കടൽ മാറി



കരയായി. അതിനാൽ കടൽ തുരുത്ത് എന്ന് ഈ നാട് അറിയപ്പെട്ടു. പിന്നീട് ലോപിച്ച് കടുത്തുരുത്തി ആയി. ഇതിനു തെളിവായി കടുത്തുരുത്തിയോട് ചേർന്നുള്ള പടിഞ്ഞാററ്ൻ പ്രദേശങ്ങൾ തുരുത്ത് ചേർന്ന് അറിയപ്പെടുന്നു ( എഴുമാന്തുരുത്ത്, കാക്കത്തുരുത്ത് ,etc )



Designed by pngtree

പഴയ തിരുവിതാംക്രൂറിൻറെ ഭാഗമായിരുന്ന കടുത്തുരുത്തി പതിനാലാം നൂറ്റാണ്ടിൽ വളരെ പ്രശസ്തമായിരുന്നു. ഇതിന് തെളിവാണ് AD- 1362- ൽ എഴുതപ്പെട്ട മണിപ്രവാളകാവ്യമായ ഉണ്ണിനീലിസന്ദേശം. ഇതിൽ കടുത്തുരുത്തിയിലെ കടൽ സാന്നിധ്യവും അന്നത്തെ ഭൂപ്രകൃതിയും പല ക്ഷേത്രങ്ങളും പ്രതിപാദിക്കുന്നു.

വടക്കുംക്രൂറിൻറെ ഭാഗമായിരുന്ന ഈ പ്രദേശം ഉത്രം തിരുനാൾ മാർത്താണ്ഡവർമ്മ ആക്രമിച്ച് തിരുവിതാംക്രൂറിന്റെ ഭാഗമാക്കി. രാജാവിനോട് നന്ദിയും ക്രൂറും പുലർത്തിയിരുന്ന ക്രിസ്ത്യാനികൾക്ക് 1496-ൽ ഒരു ആരാധനാലയം പണിയാൻ രാജാവ് കരം ഇല്ലാതെ സ്ഥലം കൊടുത്തു. അങ്ങനെയാണ് കടുത്തുരുത്തി സെൻമേരിസ് ഫൊറോനാ പള്ളി

( വലിയപള്ളി )

സ്ഥാപിതമായത്.




അന്നത്തെ കാലത്തെ ഒരു പ്രധാന ക്രൈസ്തവ ആരാധനാലയം ആയിരുന്നു വലിയപള്ളി. ഈ പള്ളി മൂന്നുതവണ പുതുക്കിപ്പണിതതായി ചരിത്രം പറയുന്നു. ഇവിടുത്തെ കൽക്കുരിശ് ഇന്ത്യയിലെ ഏറ്റവും വലിയ കൽക്കുരിശ് ആയി പറയുന്നു.

Designed by pngtree

ക്നാനായ കാരുടെ ഇപ്പോഴത്തെ തലപ്പള്ളിയും വലിയ പള്ളിയാണ്. പ്രാചീന ലിപി ആയ വട്ടെഴുത്ത് ഈ പള്ളിയിൽ കൊത്തിവച്ചിട്ടുണ്ട്. വലിയ പള്ളിയോട് ചേർന്നുള്ള സെന്റ്.മേരിസ് താഴത്തു പള്ളിയും വളരെ പ്രസിദ്ധമായ ഒരു ക്രൈസ്തവ ആരാധനാലയമാണ്. വളരെ പ്രസിദ്ധമായ ഹൈന്ദവ ദേവാലയങ്ങളിൽ പ്രധാനമാണ് തളിയിൽ മഹാദേവ ക്ഷേത്രം. ഈ ക്ഷേത്രത്തെക്കുറിച്ച് വളരെയധികം ഐതിഹ്യങ്ങളും ചരിത്രങ്ങളും ഉണ്ട്.




നൂറ്റാണ്ടുകൾ പഴക്കമുള്ള ഈ ക്ഷേത്രം അഗ്നി ബാധയെത്തുടർന്ന് വളരെ നാൾ അടച്ചിട്ടിരുന്നു, അഗ്നിബാധയ്ക്ക് മുമ്പ് ഈ ക്ഷേത്രം വളരെ സമ്പന്നവും പ്രൗഢി



നിറഞ്ഞതുമായിരുന്നു. വളരെയധികം ചരിത്ര ലേഖനങ്ങളും താളിയോലഗ്രന്ഥങ്ങളും ഇതേതുടർന്ന് നഷ്ടമായി. ശേഷം തിരുവതാംകൂർ ഭരിച്ചിരുന്ന ശ്രീമൂലംതിരുനാളിന്റെ ഭരണകാലത്താണ് ഈ ക്ഷേത്രം

Designed by pngtree

ഇന്നുകാണുന്നവിധം പുതുക്കിപ്പണിതത്. ഇവിടുത്തെ ഗണപതി പ്രതിഷ്ഠ കേരളത്തിലെ ഏറ്റവും വലിയ ഗണപതി പ്രതിഷ്ഠയാണ്. ഈ ക്ഷേത്രത്തോട് ചേർന്ന് ഗോവിന്ദപുരം ശ്രീകൃഷ്ണസ്വാമി ക്ഷേത്രവും കുന്നശ്ശേരികാവ് ഭഗവതി ക്ഷേത്രവും നിലകൊള്ളുന്നു. മധ്യകേരളത്തിലെ ഒരു പ്രധാന വ്യാപാരകേന്ദ്രം ആയിരുന്നു കടുത്തുരുത്തി. അതുകൊണ്ടുതന്നെ കടന്തേരി എന്നും ഈ നാട് അറിയപ്പെട്ടിരുന്നു. കുരുമുളക്, മഞ്ഞൾ, നെല്ല് തുടങ്ങിയ കാർഷികവിളകളും, മറ്റ് ഗൃഹോപകരണങ്ങളും ഇവിടെനിന്ന് കയറ്റി ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേയ്ക്ക് അയച്ചിരുന്നു അതിനാൽ ഈ നാട് കുരുമുളക് നാട് എന്നും അറിയപ്പെട്ടിരുന്നു. വലിയ കപ്പലുകൾക്ക് അടുക്കാൻ ഇവിടെ സൗകര്യം ഉണ്ടായിരുന്നു. ഇതിന് തെളിവായി കടുത്തുരുത്തി വലിയ തോടിനോട് ചേർന്ന് റെയിൽവേ പാലത്തിനായി കുഴിച്ചപ്പോൾ കപ്പലിന്റെ അവശിഷ്ടങ്ങൾ കിട്ടുകയുണ്ടായി.

ചെറുതും വലുതുമായ പല ആരാധനാലയങ്ങൾ ഈ നാട്ടിലുണ്ട് . ഇനിയും ചരിത്രങ്ങളും ഏറെ ഉണ്ട്. രാഷ്ട്രീയ വിദ്വേഷമോ മതസ്വാർത്ഥതയോ ഇല്ലാത്ത ഈ നാട് ഇന്നും ഒരു വ്യാപാര കേന്ദ്രമായി നിലനിൽക്കുന്നു.

Designed by pngtree

11

# കടുത്തുരുത്തിയിലെ മറ്റ് പ്രധാന ആരാധനാലയങ്ങൾ




സെന്റ്.മേരീസ് താഴത്തുപള്ളി



മുട്ടുചിറ ഹോളി ഗോസ്റ്റ് ഫൊറോനാ പള്ളി



ആദിത്യപുരം സൂര്യ ക്ഷേത്രം



കൈലാസപുരം ശ്രീകൃഷ്ണസ്വാമി ക്ഷേത്രം

Designed by pngtree

# OUR MOTHER

Saranyamol .T.S

There is nothing bigger in the world than the love of "mother". Whenever we fails she comes to our help and slowly says. "I am always with you ."God's amazing power is only got, through the very person mother.

Natures trust, natures happiness are seen in my mother. Our first teacher who teach us how to live in the world is our mother. If she doesn't eat she gives her food for us. That's my mother and all mothers. The love of mother is like a deep ocean. Whenever we go away, Her love is felt closer. Always saying that my happiness i am giving yo my mother- Now i am saying that my god is my mother,my love . I can't even measure the love of my mother




Designed by pngtree

# ആയോധന കലയും പ്രതികരണ ശേഷിയും

Dr.Shaji Vasudevagurukkal



ഒരു ബസ് യാത്ര-K.S.R.T.C- ബസ്, പാലായിൽ നിന്ന് പുറപ്പെടുമ്പോൾ തന്നെ അതിൽ ആളുകൾ നന്നേ കുറവായിരുന്നു. അതിനുശേഷം പല സ്റ്റോപ്പുകൾ കടന്നെങ്കിലും സീറ്റുകൾ പലതും കാലിയായിരുന്നു. ഞാനും എൻറെ ഒരു സുഹൃത്തും മധ്യഭാഗത്തെ ഒരു സീറ്റിൽ ഇരിക്കുകയിരുന്നു. കുറച്ചുകഴിഞ്ഞ് പിന്നിൽ നിന്നും ഒരു ബഹളം. തിരിഞ്ഞുനോക്കിയപ്പോൾ മാന്യനായ ഒരു കണ്ടക്ടറെ ആജാനുബാഹുവായ ഒരു മനുഷ്യൻ ചീത്ത





വിളിക്കുന്നു .( അയാൾ മദ്യപിച്ചിരുന്നു )ചീത്തയെന്നാൽ കേൾക്കാൻ കൊള്ളില്ലാത്ത അസഭ്യം. ആളുകളെല്ലാം പിന്നിലേക്ക് തിരിഞ്ഞിരുന്ന് ഈ സന്ദർഭം കാണുകയാണ് സംഗതി എന്താണെന്നുവെച്ചാൽ യുവതിയായ ഒരു സ്ത്രീയും അവരുടെ കൈക്കുഞ്ഞും ഏറ്റവും പിന്നിലെ സീറ്റിൽ ഒരു മൂലയ്ക്ക്

Designed by pngtree

ഇരിക്കുന്നു. ആ സീറ്റിന്റെ മധ്യഭാഗത്ത് ഇരുന്ന അജ്ഞാനബാഹു  അവരെ അല്പം കൈക്രിയ ചെയ്തു. ആ സ്ത്രീ പലതവണ മാറിയിരിക്കാൻ പറഞ്ഞിട്ടും കൂട്ടാക്കാതെ അയാൾ ഉപദ്രവം തുടർന്നു.ആ സ്ത്രീ കണ്ടക്ടറോട് പരാതി പറഞ്ഞപ്പോൾ അദ്ദേഹം മുന്നോട്ട് കയറിയിരിക്കാൻ പറഞ്ഞതിനാണ് ഈ അസഭ്യവർഷം.ഈ സമയം പുറകോട്ട് തിരഞ്ഞിരുന്നു കൊണ്ട് കാഴ്ച കണ്ടുകൊണ്ടിരുന്ന എല്ലാവരും അയാളോടുള്ള രോഷത്തിൽ സ്വയം മുറുമുറുക്കുന്നുണ്ടായിരുന്നു.  പക്ഷേ ആരും പ്രതികരിക്കുന്നുണ്ടായരുന്നില്ല. എൻറെ അടുത്തിരുന്ന സുഹൃത്തും കളരി അഭ്യാസിയായിരുന്നു. ഞങ്ങൾ എഴുന്നേറ്റത്ഒരുമിച്ചായിരുന്നു.അജ്ഞാനബാഹുവിൻന്റെ അടുത്ത്ചെന്ന് അയാളോട് ഒരു തവണ മാത്രം എഴുന്നേൽക്കാൻ ഞങ്ങൾ ആജ്ഞാപിച്ചു.എന്നാൽ അയാളുടെ മറുപടി മോശമായിരുന്നു എന്നു





മാത്രമല്ല അയാൾ തിരിച്ചാക്രമിക്കാൻ തുടങ്ങുകകൂടി ചെയ്തു. ആ സമയം ചില ചെറിയ പ്രയോഗങ്ങൾ മാത്രം ചെയത് അയാളെ ഒതുക്കിയ ഞങ്ങൾ പിന്നെ കണ്ടത്  ആ ബസ്സിലെ ഏതാണ്ട് മുഴുവൻ ആളുകളും ചേർന്ന് അയാളെ ആക്രമിക്കുന്നതാണ്. ഏതായാലും ബസ് കടുത്തുരുത്തിയിൽ എത്തിയപ്പോൾ നേരെ

Designed by pngtree

സ്റ്റേഷനിലേക്ക് പോയി .ഞങ്ങൾ കളരിയിലേക്കും.ഈ കഥയുടെയുടെ ഉള്ളിൽ മനുഷ്യന്റെ ചില സ്വാഭാവിക രീതികൾ ഉണ്ട്. സമൂഹ ജീവിയായ നമ്മൾ ഇത്തരം തിന്മകളോട് പ്രതികരിക്കാൻ മടിക്കുന്നതിന്റെ പ്രധാന കാരണം ഭയമാണ്. തിരച്ചാക്രമിച്ചാൽ ഒറ്റപ്പെടുമൊ എന്ന ഭയം. ഒറ്റപ്പെട്ടാൽ തനിക്ക് അവരെ അല്ലെങ്കിൽ അയാളെ എതിർത്തുനിൽക്കാൻ കഴിയില്ലെന്ന ഭയം .ഇത് നമ്മുടെ ഇടയിൽ പൊതുവായി കാണുന്ന ഒരു പ്രധാന വിഷയമാണ്.കാരണം കഴിവ് തനിക്ക് കുറവാണോ എന്ന തോന്നലിൽ നിന്നുള്ള മാനസികമായ ഭയമാണ്. എന്നാൽ എല്ലാ ജീവജാലങ്ങൾക്കും സ്വാഭാവികമായുള്ള ആക്രമണ പ്രത്യാക്രമണ ശേഷി മനുഷ്യനും ജന്മനാൽ ഉണ്ട്. ഈ അറിവ് കൊടുക്കൽ മാത്രമാണ് ആയോധനകല. ഇവ രണ്ടും മാറി കിട്ടുക എന്നത് ശാരീരികമായും മാനസികമായും കരുത്ത് നേടുന്നതിലൂടെ മറികടക്കാൻ സാധിക്കും. അല്ലെങ്കിൽ നമ്മുടെ പാരമ്പര്യ ഘടകം അതുപോലെ കരുത്തുറ്റതായിരിക്കണം. ഈ പാരമ്പര്യ ഘടകം ഇല്ലാത്ത ആളുകൾ ഏതെങ്കിലും ആയോധനകലയിൽ നിപുണരാണെങ്കിൽ തീർച്ചയായും അവർ എതിർത്തു തന്നെ നിൽക്കും. ആസിഡ് ആക്രമണവും പെട്രോൾ ആക്രമണവും ധാരാളം നടക്കുന്ന ഈ കാലഘട്ടത്തിൽ സ്ത്രീകളും കുട്ടികളും പ്രത്യേകിച്ച് ഏതെങ്കിലും ഒരു മാർഷൽ ആർട്ട് (ആയോധനകല) പഠിക്കുന്നത് ഉത്തമമാണ്.

Designed by pngtree

# നമ്മുടെ സ്വന്തം K.S.R.T.C-യുടെ ചരിത്രം

By Sidharth Anil



തൃശ്ശൂരിലെ ബസ് ഡിപ്പോ, ഒരു പഴയ ചിത്രം

തിരുവിതാംക്രൂർ സ്റ്റേറ്റ് ട്രാൻസ്പോർട്ട് ഡിപാർട്ട്മെന്റ് എന്ന പേരിൽ തിരുവിതാംക്രൂറിലെ അവസാനത്തെ രാജാവായിരുന്ന ശ്രീ ചിത്തിര തിരുനാൾ ആണ് KSRTC സ്ഥാപിച്ചത്. രാജ്യത്തിന്റെ ഗതാഗത ആവശ്യങ്ങൾ നിറവേറ്റുക എന്നതായിരുന്നു സ്ഥാപിത ലക്ഷ്യം. ലണ്ടൻ പാസഞ്ചർ ട്രാൻസ്പോർട്ട് ബോർഡിന്റെ അസിസ്റ്റന്റ് ഓപറേറ്റിങ്ങ് സൂപ്രണ്ടിന്റെ ആയിരുന്ന ഇ. ജി സാൾട്ടർ 1937 സെപ്റ്റംബർ_20-നു ഗതാഗതവകുപ്പിന്റെ സുപ്പീരിയറായി

Designed by pngtree

നിയമിക്കപ്പെട്ടു. തിരുവനന്തപുരം - കന്യാകുമാരി, പാലക്കാട്- കോയമ്പത്തൂർ തുടങ്ങിയ പ്രധാന അന്തർ സംസ്ഥാന പാതകൾ ദേശസാൽക്കരിച്ചതോടെ കെ.എസ്.ആർ.ടി.സി. വളർന്നു.

ഇംഗ്ലണ്ടിൽ നിന്ന് ഇറക്കുമതി ചെയ്ത ഡീസൽ എഞ്ചിൻ ഘടിപ്പിച്ച 60 ബസ്സുകളായിരുന്നു ആദ്യത്തെ ബസ്സുകളുടെ ശ്രേണി. സാൾട്ടറുടെ മേൽനോട്ടത്തിൽ തിരുവിതാംകൂർ സ്റ്റേറ്റ് ട്രാൻസ്പോർട്ട് ഡിപാർട്ട്മെന്റ് ജീവനക്കാർ തന്നെയായിരുന്നു ബസ്സുകളുടെ ബോഡി നിർമ്മിച്ചത്. തിരുവനന്തപുരം - കന്യാകുമാരി പാത ദേശസാൽക്കരിച്ചതിനാൽ സ്വകാര്യ ഗതാഗത സ്ഥാപനങ്ങളിൽ നിന്ന് ജോലി നഷ്ടപ്പെടാൻ സാദ്ധ്യതയുള്ളവർക്ക് കെ.എസ്.ആർ.ടി.സിയിൽ അന്ന് നിയമനത്തിന് മുൻഗണന നൽകി. അന്ന് ജീവനക്കാരെ തിരഞ്ഞെടുത്ത രീതി ഇന്നും കെ.എസ്.ആർ.ടി.സിയിൽ ജീവനക്കാരെ തിരഞ്ഞെടുക്കുന്നതിന് പിന്തുടരുന്നു.നൂറോളം ജീവനക്കാരെ ഇൻസ്പെക്ടർമാരും കണ്ടക്ടർമാരുമായി നിയമിച്ചുകൊണ്ടാണ് ഗതാഗത വകുപ്പ് ആരംഭിച്ചത്.

Designed by pngtree

സംസ്ഥാന മോട്ടോർ സർവ്വീസ് ശ്രീ ചിത്തിരതിരുനാൾ മഹാരാജാവ് ഉദ്ഘാടനം ചെയ്തു. തിരുവിതാംകൂർ ദിവാനായിരുന്ന സി. പി.രാമസ്വാമി അയ്യരുടെ ആശയമായിരുന്നു സർക്കാർ വകയിൽ ബസ് സർവീസ്. മഹാരാജാവും ബന്ധുജനങ്ങളുമായിരുന്നു ഉദ്ഘാടനയാത്രയിലെ യാത്രക്കാർ. സാൾട്ടർ തന്നെയായിരുന്നു ആദ്യയാത്രയിലെ ഡ്രൈവർ. ഈ ബസ്സും മറ്റ് 33 ബസ്സുകളും കവടിയാർ നഗരത്തിലൂടെ ഘോഷയാത്രയായി ഓടിയത് അന്ന് ആകർഷകമായ കാഴ്ചയായിരുന്നു.



എറണാകുളം ജട്ടിയിൽ നിർത്തിയിട്ടിരിക്കുന്ന ബസ്സുകൾ (1950)

റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ നിയമം 1950-ൽ നിലവിൽ വന്നതിനെ തുടർന്ന് കേരള സർക്കാർ 1965-ൽ കെ.എസ്.ആർ.ടി.സി. നിയമങ്ങൾ (സെക്ഷൻ 44) നിർമ്മിച്ചു . ഈ വകുപ്പ് 1965 ഏപ്രിൽ-1-ന് ഒരു സ്വയംഭരണ

Designed by pngtree

സ്ഥാപനമാക്കി. കേരള സർക്കാരിന്റെ വിജ്ഞാപനം പ്രകാരം **കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ** 1965 മാർച്ച്-15-നു സ്ഥാപിതമായി.

## ബസ്സുകൾ പലതരം

### ഓർഡിനറി

ചെറിയ ദൂരങ്ങളിൽ ഓടുന്ന സാധാരണ സർവ്വീസുകളാണിവ.സൂപ്പർ ക്ലാസ്സ് ബസ്സുകളുടെ പെർമിറ്റ് കാലാവധി കഴിയുമ്പോൾ അവ ഓർഡിനറി സർവ്വീസുകൾക്ക് വേണ്ടി തയ്യാറാക്കുന്നു.ഫീഡർ സർവ്വീസുകൾ ഓർഡിനറിയിൽപ്പെടുന്നു.

### ഫാസ്റ്റ് പാസ്സഞ്ചർ

ദീർഘദൂരത്തിലുള്ള സർവ്വീസുകൾക്ക് ഉപയോഗിക്കുന്നതാണ് ഫാസ്റ്റ് പാസ്സഞ്ചർ. ഓർഡിനറിയെ അപേക്ഷിച്ച് ഇവ നിർത്തുന്ന സ്ഥലങ്ങൾ കുറവാണ്. ലിമിറ്റഡ് സ്റ്റോപ് ,ലോ ഫ്ലോർ,ടൗൺ ടു ടൗൺ ബസ്സുകൾ ഫാസ്റ്റ് പാസ്സഞ്ചറുകളിൽപ്പെടുന്നു. ഏറ്റവും കുറഞ്ഞ ചാർജ് ഓർഡിനറിയേക്കാൾ കൂടുതൽ ആണ്.

Designed by pngtree

## സൂപ്പർ ഫാസ്റ്റ്

വളരെ കൂടിയ ദൂരത്തേയ്ക്ക് സർവ്വീസ് നടത്തുന്ന വാഹനങ്ങളാണിവ. അതിവേഗം നിഷ്കർഷിട്ടുള്ള ഈ ബസ്സുകൾ ഏറ്റവും പ്രധാന സ്ഥലങ്ങളിൽ നിർത്തുന്നതാണ്. ശീതീകരണ സംവിധാനമുള്ള ലോഫ്ലോർ,സന്ദേശവാഹിനി ഇവയൊക്കെ സൂപ്പർ ഫാസ്റ്റുകളാണ്.

## സൂപ്പർ ഡീലക്സ്

ഉയർന്ന യാത്രാ സൗകര്യങ്ങൾ ഏർപ്പെടുത്തി ഫാസ്റ്റ് പാസ്സഞ്ചർ ട്രെയിനുകളേക്കാൾ വേഗത്തിൽ യാത്രക്കാരെ ലക്ഷ്യസ്ഥാനത്ത് എത്തിക്കുന്നതിനുദ്ദേശിച്ച് തുടങ്ങിയതാണിവ. മിന്നൽ സർവ്വീസ് ,സിൽവർ ലൈൻ ജെറ്റ് സർവീസുകളുടെ പരിഷ്കരിച്ച പതിപ്പാണ്.

## സൂപ്പർ എക്സ്പ്രസ്സ്

പച്ച നിറമുള്ള സൂപ്പർ ക്ലാസ്സ് ബസ്സുകളാണിത്. ഇടയ്ക്ക് നിർത്തിവച്ചിരുന്നെങ്കിലും പുനരാരംഭിച്ചു. അൻപതോളം ബസ്സുകൾ ഈ സർവ്വീസുകൾ നടത്തുന്നുണ്ട്. കൂടാതെ ഗരുഡ,ഗരുഡ മഹാരാജ,വെസ്റ്റിബ്യൂൾ, എന്ന പേരുകളുള്ള ബസ്സുകളും സർവ്വീസിലുണ്ട്

(ADAPTED)

Designed by pngtree

# KERALA

Kerala, a very prominent state in India, known as the "God's Own Country" is a coastal state. The state is boardered by a number of beaches; covered by hills of Western Ghats and filled with backwaters. Kerala is situated in the south western region of India; Tamil Nadu, Karnataka and Andhra Pradesh are the neighbor states to

Designed by pngtree

Kerala. Trivandrum is the capital city of Kerala. Kerala is a tourist destination attracting people by its natural beauty. The other main centers of attraction in Kerala are the museum, boat houses and islands. Some of the famous tourist places in Kerala are Thekady, Alappae

Designed by pngtree

# Dust of Snow



The way a crow
Shook down on
me
The dust of snow
From a hemlock tree

Has given my heart
A change of mood
And saved some part
Of a day I had rued

ALWIN JACOB
9 B

Designed by pngtree

# St. Michael's H.S.S Kaduthuruthy
## - our school

by, Sidharth Anilkumar
class 9b

St Michaels Hss Kaduthuruthy School (SMHKS) located at Kottayam Kuravilangadu Kaduthuruthy Kaduthuruthy is one of the popular schools in India. The School has been rated by 26 people on iCBSE. The St Michaels H.S.S Kaduthuruthy School has been viewed 15 times by the visitors on iCBSE. This School is counted among the top-rated Schools in Kerala with an excellent academic track record. In this year this school is celiberating



Designed by pngtree

# "TIME IS LONG BUT LIFE IS SHORT"

SIDHARTH ANILKUMAR

Designed by pngtree

# ഗാനഗന്ധർവൻ

വിഘ്നേശ് .കെ. വിനോദ്
9B

പ്രധാനമായും മലയാള ചലച്ചിത്ര രംഗത്ത് പ്രവർത്തിക്കുന്ന, ഇന്ത്യയിലെ ഒരു ചലച്ചിത്ര പിന്നണി ഗായകനാണ് കെ.ജെ. യേശുദാസ് എന്ന കട്ടാശേരി ജോസഫ് യേശുദാസ് .1940 ജനുവരി10 ന്, കേരളത്തിലെ ഫോർട്ട് കൊച്ചിയിലാണ് ജനിച്ചത്. അര നൂറ്റാണ്ടിലേറെ സംഗീത രംഗത്ത് സജീവനായ യേശുദാസ്, ആസാമീസ്, കാശ്മീരി, കൊങ്കിണി എന്നിവയിലൊഴികെ, എല്ലാ പ്രധാന ഭാരതീയ ഭാഷകളിലും പാടിയിട്ടുണ്ട്. ചലച്ചിത്ര സംഗീത ലോകത്തു മാത്രമല്ല, കർണ്ണാടക സംഗീത രംഗത്തും ഈ ഗായകൻ സാന്നിദ്ധ്യമറിയിച്ചിട്ടുണ്ട്. ക്രിസ്ത്യാനിയായി ജനിച്ചെങ്കിലും ഒരു മതത്തോടും സ്ഥായിയായ അനുഭാവം പുലർത്താത്ത അദ്ദേഹത്തെ ചിലവേളകളിൽ ആരാധകർ ദാർശനികനായിപ്പോലും കാണുന്നു. ജനപ്രിയ ഗാനങ്ങളാണ് ഏറ്റവുമധികം ആലപിച്ചിട്ടുള്ളതെങ്കിലും,യേശുദാസ് ശുദ്ധസംഗീതത്തെ അങ്ങേയറ്റം വിലമതിക്കുകയും



Designed by pngtree

അതിന്റെ ഉദാത്ത മേഖലകളെ
സ്പർശിക്കുവാൻ പരിശ്രമിക്കുകയും
ചെയ്യുന്നയാളാണ്.

മികച്ച പിന്നണി ഗായകനുള്ള ദേശീയ
പുരസ്കാരം ഏറ്റവും കൂടുതൽ തവണ (8) നേടിയ
ഇദ്ദേഹം കേരള, തമിഴ് നാട്, ആന്ധ്ര, കർണ്ണാടക,
ബംഗാൾ സംസ്ഥാനങ്ങളുടെ മികച്ച പിന്നണി
ഗായകനുള്ള അവാർഡുകൾ
നേടിയിട്ടുണ്ട്മുല്ലവീട്ടിൽ എബ്രഹാമിന്റെയും
അമ്മിണിയുടെയും മകളായ പ്രഭയെ 1970
ഫെബ്രുവരി ഒന്നിന് കൊച്ചിയിലെ സെന്റ്
മേരീസ് കത്തീഡ്രലിൽ വച്ച് യേശുദാസ് വിവാഹം
കഴിച്ചു. പിന്നീട് ഏഴു വർഷങ്ങൾക്കു ശേഷമാണ്
(1977) ഇവരുടെ
മൂത്തമകൻ
വിനോദിന്റെ ജനനം.
പിന്നീട് വിജയ്
(1979), വിശാൽ (1981)
എന്നിങ്ങനെ രണ്ട്
ആൺമക്കൾ കൂടി



അദ്ദേഹത്തിനുണ്ടായി. രണ്ടാമത്തെ മകനായ
വിജയ് ഇന്ന് മലയാളത്തിലെ
അതിപ്രസിദ്ധനായ ഗായകനാണ്.

Designed by pngtree

1945 ജൂണിൽ ഫോർട്ട് കൊച്ചിയിലെ സെന്റ് ജോൺ ഡി ബ്രിട്ടോ സ്‌കൂളിൽ ഒന്നാം ക്ലാസിൽ ചേർന്നുകൊണ്ടാണ് യേശുദാസ് വിദ്യാഭ്യാസം ആരംഭിച്ചത്. സ്‌കൂൾ പാഠപുസ്തകത്തിലെ കവിതകൾ ആലപിച്ചും മറ്റും വളരെ പെട്ടെന്നുതന്നെ അദ്ദേഹം കൂട്ടുകാർക്കിടയിൽ പേരെടുത്തു. എന്നാൽ, അധികമായ വികൃതിയെത്തുടർന്ന് അദ്ദേഹത്തെ ബ്രിട്ടോ സ്‌കൂളിൽ നിന്ന് പുറത്താക്കി. തുടർന്ന്, പള്ളുരുത്തി സെന്റ് സെബാസ്റ്റ്യൻസ് സ്‌കൂളിൽ ചേർന്ന അദ്ദേഹം തുടർന്നുള്ള സ്‌കൂൾ വിദ്യാഭ്യാസം മുഴുവൻ അവിടെയാണ് നടത്തിയത്. 1958 മാർച്ചിൽ ആദ്യ സംസ്ഥാന സ്‌കൂൾ യുവജനോത്സവത്തിൽ കിട്ടിയ ഗ്രേസ് മാർക്കിന്റെ ബലത്തിൽ അദ്ദേഹം എസ്.എസ്.എൽ.സി. പാസായി.



സംഗീത പഠനം കഴിഞ്ഞയുടൻ 'നല്ല തങ്ക' എന്ന ചിത്രത്തിൽ പാടാൻ യേശുദാസിനെ പരിഗണിച്ചിരുന്നെങ്കിലും നിലവാരമില്ലെന്ന കാരണം പറഞ്ഞ് തഴഞ്ഞു. നിരാശനാകാതെ ദാസ് പരിശ്രമിച്ചു കൊണ്ടേയിരുന്നു. 1961 നവംബർ 14 നാണ് യേശുദാസിന്റെ ആദ്യ ഗാനം റിക്കോർഡ് ചെയ്തത്. കെ. എസ്. ആന്റണി എന്ന

Designed by pngtree

സംവിധായകൻ തന്റെ 'കാൽപ്പാടുകൾ' എന്ന സിനിമയിൽ പാടാൻ അവസരം നൽകി. സിനിമയിലെ മുഴുവൻ ഗാനങ്ങളും പാടാനായിരുന്നു ക്ഷണിച്ചിരുന്നതെങ്കിലും ജലദോഷം മൂലം ഒരു ഗാനം മാത്രമേ പാടാനായുള്ളു. അങ്ങനെ 'ജാതിഭേദം മതദ്വേഷം' എന്നു തുടങ്ങുന്ന ഗുരുദേവകീർത്തനം പാടി യേശുദാസ് ചലച്ചിത്ര സംഗീത ലോകത്ത് ഹരിശ്രീ കുറിച്ചു. ചെന്നൈ (പഴയ മദ്രാസ്) യിലെ ഭരണി സ്റ്റുഡിയോയിലായിരുന്നു ആദ്യ ഗാനത്തിന്റെ റിക്കോർഡിംഗ് നടന്നത്. എം. ബി. ശ്രീനിവാസനായിരുന്നു ഈ ഗാനം ചിട്ടപ്പെടുത്തിയത്. മലയാള സിനിമയിൽ പിന്നീട്ടു കണ്ടത് യേശുദാസിന്റെ സ്വര പ്രപഞ്ചമാണ്

*********

Designed by pngtree

# ലിയോണൽ മെസ്സി

സമ്പാ:ആഷിക്ക് അജ്ജി പി

ഒരു അർജന്റനിയൻ പ്രൊഫഷണൽ ഫുട്ബോൾ കളിക്കാരനാണ് ലയണൽ ആൻഡ്രെസ് മെസ്സി. (ജനനം ജൂൺ 24, 1987) അർജന്റീന ദേശീയ ടീം, സ്പാനിഷ് പ്രിമേറ ഡിവിഷനിൽ എഫ്.സി. ബാഴ്സലോണ എന്നീ ടീമുകൾക്കായാണ് ഇദ്ദേഹം കളിക്കുന്നത്. ഇദ്ദേഹം സ്പാനിഷ് പൗരത്വവും നേടിയിട്ടുണ്ട്. തന്റെ തലമുറയിലെ ഏറ്റവും മികച്ച ഫുട്ബോൾ കളിക്കാരിൽ ഒരാളായി അദ്ദേഹത്തെ പരിഗണിക്കുന്നു. മെസ്സി, 21 ആം വയസ്സിൽ യൂറോപ്യൻ ഫുട്ബോളർ ഓഫ് ദ ഇയർ, ഫിഫ ലോക ഫുട്ബോളർ ഓഫ് ദ ഇയർ എന്നീ പുരസ്കാരങ്ങൾക്കായി നാമനിർദ്ദേശം ചെയ്യപ്പെട്ടു. 22 ആം വയസ്സിൽ അദ്ദേഹം ആ രണ്ട് പുരസ്കാരങ്ങളും




Designed by pngtree

കരസ്ഥമാക്കുകയും ചെയ്തു.2013 ജനുവരി 7 ന് ലഭിച്ച നാലാമത്തെ ബാലൺ ഡി ഓർ( Ballon d'Or ) ബഹുമതിയോടെ, ഈ ബഹുമതി 5 തവണ നേടുന്ന ആദ്യ കളിക്കാരനായി . 2009, 2010, 2011, 2012 വർഷങ്ങളിലായി തുടരെ 4-ആം തവണയാണ് ഈ നേട്ടം. ഇദ്ദേഹത്തെ പലപ്പോഴും ഇതിഹാസതാരം ഡിയഗോ മറഡോണയുമായി സാമ്യപ്പെടുത്താറുണ്ട്. മറഡോണ തന്നെ മെസ്സിയെ തന്റെ "പിൻഗാമി" എന്ന് വിശേഷിപ്പിച്ചിട്ടുണ്ട്. ഫോർവേഡായി കളിക്കുന്ന അദ്ദേഹം നിലവിൽ അർജന്റീന ദേശീയ ടീമിന്റെയും ബാഴ്സലോണ ക്ലബ്ബിന്റെയും ക്യാപ്റ്റനാണ്.



ചെറുപ്പത്തിൽ തന്നെ മെസ്സി കളിക്കാൻ തുടങ്ങിയിരുന്നു. അദ്ദേഹത്തിന്റെ കഴിവ് ബാർസലോണ വളരെ വേഗം തിരിച്ചറിഞ്ഞു. ബാർസലോണ ക്ലബ്ബ് അദ്ദേഹത്തിന് ഉയരക്കുറവിനു ചികിത്സ നിർദ്ദേശിച്ചു. അതിനാൽ റൊസാരിയോ എന്ന സ്ഥലത്തെ ക്ലബ്ബായ ന്യൂവെൽസ്സ് ഓൾഡ് ബോയ്സ് ടീമിൽ നിന്ന് അദ്ദേഹം

Designed by pngtree

വിട്ടുപോരുകയും കുടുംബത്തോടൊപ്പം യൂറോപ്പിൽ സ്ഥിരതാമസമാക്കുകയും ചെയ്തു. 2004-2005 സീസണിൽ അദ്ദേഹം ആദ്യ കളി കളിച്ചു. ആ മത്സരത്തിൽ തന്നെ അദ്ദേഹം ഗോൾ നേടി. അങ്ങനെ ക്ലബ്ബിനായി ഗോൾ നേടുന്ന ഏറ്റവും പ്രായം കുറഞ്ഞ കളിക്കാരൻ എന്ന റെക്കോർഡ് അദ്ദേഹം സ്വന്തമാക്കി. അദ്ദേഹത്തിന്റെ ആദ്യ സീസണിൽ തന്നെ ബാർസലോണ ലാ ലിഗ കപ്പ് നേടി. 2006-2007 സീസണിലാണ് അദ്ദേഹം മികച്ച പ്രകടനം കാഴ്ചവെച്ചത്. ക്ലാസിക്ക് മത്സരത്തിൽ (el clásico or The Classic) ഒരു ഹാട്രിക്ക് നേടിയതടക്കം 26 മത്സരങ്ങളിൽ നിന്നായി 14 ഗോളുകൾ നേടി. 2008-09 സീസണിൽ അദ്ദേഹം 38 ഗോളുകൾ നേടി. ആ സീസണിൽ ബാർസലോണ മൂന്ന് കിരീടങ്ങൾ നേടിയപ്പോൾ ടീമിന്റെ പ്രധാന ആയുധം മെസ്സി ആയിരുന്നു. 2009-10 സീസണിൽ അദ്ദേഹം എല്ലാ മത്സരങ്ങളിലുമായി 47 ഗോളുകൾ നേടുകയും,

ബാർസലോണക്കായി ഒരു സീസണിൽ ഏറ്റവും കൂടുതൽ ഗോളുകൾ നേടുകയെന്ന ബഹുമതി റൊണാൾഡോയോടൊപ്പം പങ്കിടുകയും ചെയ്തു.

Designed by pngtree

2005 ലെ ഫിഫ വേൾഡ് യൂത്ത് ചാമ്പ്യൻഷിപ്പിൽ മെസ്സി ആയിരുന്നു ഏറ്റവും കൂടുതൽ ഗോളുകൾ നേടിയത്. ഫൈനലിൽ നേടിയ 2 ഗോളുകളടക്കം ആകെ 6 ഗോളുകളാണ് ആ ചാമ്പ്യൻഷിപ്പിൽ അദ്ദേഹത്തിന്റെ സമ്പാദ്യം. അതിനുശേഷം അദ്ദേഹം അർജന്റീന ടീമിലെ സ്ഥിരം അംഗമായി. ഫിഫ ലോകകപ്പിൽ കളിക്കുന്ന ഏറ്റവും പ്രായം കുറഞ്ഞ അർജന്റീനക്കാരനായി അദ്ദേഹം മാറി. 2007 ലെ കോപ്പ അമേരിക്കയിൽ രണ്ടാം സ്ഥാനക്കാരനുള്ള പുരസ്കാരം അദ്ദേഹത്തിന് ലഭിച്ചു. 2008 ലെ ബീജിങ്ങ് ഒളിമ്പിക്സിൽ ജേതാക്കളായ അർജന്റീന ടീമിൽ മെസ്സിയും ഒരു അംഗമായിരുന്നു. ആ വിജയത്തോടെ അദ്ദേഹത്തിന് ആദ്യ അന്താരാഷ്ട്ര പുരസ്കാരം ലഭിച്ചു. 2012 ഡിസംബർ 9 ന് ഒരു കലണ്ടർ വർഷം ഏറ്റവുമതികം ഗോൾ നേടുന്ന കളിക്കാരൻ എന്ന റെക്കോർഡിൽ ഗെർഡ് മുള്ളറെ (85 ഗോളുകൾ) മറികടന്നു. 2012 ഡിസംബർ 23 ന് ഒരു കലണ്ടർ വർഷം 91 ഗോളുകൾ എന്ന സർവ്വ കാല റിക്കാർഡ് സ്ഥാപിച്ചു.




1987 ജൂൺ 24 ന് ജോർജ്ജ് ഹൊറാസിയോ മെസ്സിയുടേയും (ഫാക്ടറി തൊഴിലാളി) സെലിയ

Designed by pngtree

മറിയ കുചിറ്റിനിയുടേയും (തൂപ്പുകാരി) മകനായി അർജന്റീനയിലെ റൊസാരിയോ എന്ന സ്ഥലത്താണ് മെസ്സി ജനിച്ചത്. ഇറ്റലിയിലെ അൻകോന എന്ന നഗരത്തിൽ നിന്നും 1883 ൽ കുടിയേറിപ്പാർത്തതാണ് മെസ്സിയുടെ പൂർവ്വികനായ ഏയ്ഞ്ചലോ മെസ്സി. അദ്ദേഹത്തിന് റോഡ്രിഗോ എന്നും മത്യാസ് എന്നും പേരുള്ള രണ്ട് ജ്യേഷ്ഠന്മാരുണ്ട്. കൂടാതെ മരിയ സോൾ എന്നു പേരുള്ള ഒരു സഹോദരിയും. അഞ്ചാം വയസ്സിൽ, തന്റെ അച്ഛൻ പരിശീലിപ്പിച്ചിരുന്ന ഒരു പ്രാദേശിക ക്ലബ്ബായ ഗ്രൻഡോളിയിൽ ചേർന്ന് മെസ്സി ഫുട്ബോൾ കളിക്കാൻ തുടങ്ങി. 1995 ൽ പ്രാദേശിക പട്ടണമായ റൊസാരിയോവിലെ ഒരു ക്ലബ്ബായ ന്യൂവെൽസ് ഓൾഡ് ബോയ്സിൽ ചേർന്നു. 11 ആം വയസ്സിൽ അദ്ദേഹത്തിന്റെ വളർച്ചക്കു ആവശ്യമായ ഹോർമോണിന്റെ കുറവ് തിരിച്ചറിയപ്പെട്ടു. അർജന്റീനയിലെ ഒരു പ്രമുഖ ക്ലബ്ബായ റിവർ പ്ലേറ്റിന് മെസ്സിയുടെ കഴിവിൽ വിശ്വാസമുണ്ടായിരുന്നു. എങ്കിലും മാസം തോറും $900 ചെലവാക്കിക്കൊണ്ട് അദ്ദേഹത്തെ ചികിത്സിക്കാൻ അവർക്ക് കഴിയുമായിരുന്നില്ല.എന്നാൽ ബാർസലോണയുടെ സ്പോർട്ടിംഗ് ഡയറക്ടറായിരുന്ന കാർലെസ് റെക്സാച്ച് അദ്ദേഹത്തിന്റെ കഴിവിനെ പറ്റി ബോധവാനായിരുന്നു. മെസ്സിയുടെ ബന്ധുക്കൾ

Designed by pngtree

സ്പെയിനിലെ കാറ്റലോണിയയിലെ ലെയ്ഡയിൽ ഉണ്ടായിരുന്നു.മെസ്സിയുടെ കളി നിരീക്ഷിച്ചതിനു ശേഷം ബാർസലോണ അദ്ദേഹവുമായി കരാറിലേർപ്പെട്ടു. അദ്ദേഹം സ്പെയിനിലേക്ക് മാറി താമസിക്കാമെങ്കിൽ ചികിത്സക്കുള്ള പണം ക്ലബ്ബ് ഏറ്റെടുത്തുകൊള്ളാം എന്ന് അവർ പറഞ്ഞു. ഇതനുസരിച്ച് അദ്ദേഹത്തിന്റെ കുടുംബം യൂറോപ്പിലേക്ക് മാറിത്താമസിക്കുകയും അദ്ദേഹം ക്ലബ്ബിന്റെ യൂത്ത് ടീമുകളിൽ കളിച്ച് തുടങ്ങുകയും ചെയ്തു. അദ്ദേഹത്തിന്റെ രണ്ട് ബന്ധുസഹോദരർ ഫുട്ബോളുമായി ബന്ധപ്പെട്ടിട്ടുണ്ടായിരുന്നു: മാക്സി ബിനാക്കൂച്ചിയും ഇമ്മാനുവൽ ബിനാക്കൂച്ചിയും.

Designed by pngtree

# എൽ ഡൊറാഡോ

സമ്പാ:ഫെറിൻ ലിജ്ജു 9B


എൽ ഡൊറാഡോ യഥാർത്ഥത്തിൽ എൽ ഹൊംബ്രെ ഡൊറാഡൊ ( "ഗോൾഡൻ മനുഷ്യൻ")



അല്ലെങ്കിൽ എൽ റേ ഡൊറാഡൊ ( " ഗോൾഡൻ രാജാവ് "), ഉപയോഗിക്കുന്ന പദം ആയിരുന്നു സ്പാനിഷ് സാമ്രാജ്യം ഒരു വിവരിക്കാൻ സാങ്കൽപ്പിക ആദിവാസി ചീഫ് ( ജിപ എന്ന) മ്യൂസ്ക, ജനം , ഒരു നാട്ടുകാരായ ഓഫ് അല്തിപ്ലനൊ ചുംദിബൊയചെംസെ ഓഫ്ഒരു പ്രാരംഭ ചടങ്ങായി കൊളംബിയ സ്വർണ്ണ പൊടിയിൽ പൊതിഞ്ഞ് ഗ്വാട്ടവിറ്റ തടാകത്തിൽ മുങ്ങി . എൽ ഡൊറാഡോയെ ചുറ്റിപ്പറ്റിയുള്ള ഐതിഹ്യങ്ങൾ കാലക്രമേണ മാറി, അത് ഒരു മനുഷ്യനിൽ നിന്നും ഒരു നഗരത്തിലേക്കും ഒരു

Designed by pngtree

രാജ്യത്തിലേക്കും പിന്നീട് ഒരു സാമ്രാജ്യത്തിലേക്കും പോയി.
എൽ ഡൊറാഡോയുടെ രണ്ടാമത്തെ സ്ഥാനം കിംവദന്തികളിൽ നിന്ന് അനുമാനിക്കപ്പെട്ടു, ഇത് 1500 കളുടെ അവസാനത്തിൽ പാരിം തടാകത്തിന്റെ തീരത്ത് മാനിയ എന്ന നഗരം തേടി നിരവധി വിജയകരമായ പര്യവേഷണങ്ങൾക്ക് പ്രചോദനമായി . ഈ പര്യവേഷണങ്ങളിൽ ഏറ്റവും പ്രസിദ്ധമായ രണ്ട് സർ വാൾട്ടർ റാലിയുടെ നേതൃത്വത്തിലായിരുന്നു . ഇതിഹാസത്തെ പിന്തുടർന്ന്, സ്പാനിഷ് ജേതാക്കളും മറ്റ് നിരവധി പേരും കൊളംബിയ, വെനിസ്വേല, ഗയാന, വടക്കൻ ബ്രസീൽ എന്നിവയുടെ ഭാഗങ്ങൾ നഗരത്തിനും അതിമനോഹരമായ രാജാവിനുമായി തിരഞ്ഞു. ഈ പര്യവേക്ഷണത്തിനിടയിൽ, ആമസോൺ നദി ഉൾപ്പെടെ വടക്കൻ തെക്കേ അമേരിക്കയുടെ ഭൂരിഭാഗവും മാപ്പ് ചെയ്തു. പത്തൊൻപതാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ മിക്കവരും നഗരത്തിന്റെ നിലനിൽപ്പിനെ ഒരു മിഥ്യയായി തള്ളിക്കളഞ്ഞു.നിരവധി സാഹിത്യകൃതികൾ അവരുടെ തലക്കെട്ടുകളിൽ പേര് "എൽ ഡൊറാഡോ" എന്നും മറ്റ് സമയങ്ങളിൽ "എൽഡോറാഡോ" എന്നും ഉപയോഗിച്ചിട്ടുണ്ട്.



Designed by pngtree

"സ്വർണ്ണ മനുഷ്യർ" അല്ലെങ്കിൽ "നഷ്ടപ്പെട്ട നഗരങ്ങൾ" എന്ന ഇതിഹാസം പ്രത്യക്ഷപ്പെടുന്നതിന് വളരെ മുമ്പുതന്നെ സ്വദേശികളുടെ സ്വർണ്ണത്തിന്റെയും വെള്ളിയുടെയും മികച്ച കരകൗശല വസ്തുക്കൾ സ്പാനിഷ് ജേതാക്കൾ ശ്രദ്ധിച്ചിരുന്നു. അത്തരം വിലയേറിയ കരകൗശല വസ്തുക്കളുടെ വ്യാപനവും അവയുടെ മൂല്യത്തെക്കുറിച്ച് നാട്ടുകാരുടെ അജ്ഞതയും വ്യക്തമായ സമൃദ്ധിയെക്കുറിച്ചുള്ള ആകാംക്ഷ കച്ചവടത്തിന് പ്രചോദനമായി.
1531 നും 1538 നും ഇടയിൽ, ജർമ്മൻ ജേതാക്കളായ നിക്കോളാസ് ഫെഡെർമാൻ , ജോർജ്ജ് വോൺ സ്പെയർ എന്നിവർ വെനിസ്വേലൻ താഴ്ന്ന പ്രദേശങ്ങൾ, കൊളംബിയൻ പീഠഭൂമികൾ, ഒറിനോകോ ബേസിൻ, ലാനോസ് ഓറിയന്റേൽസ് എന്നിവ എൽ ഡൊറാഡോയ്ക്കായി തിരഞ്ഞു . തുടർന്ന്, ഫിലിപ്പ്



വോൺ ഹട്ടൻ വോൺ സ്പെയറിനൊപ്പം ഒരു യാത്രയിൽ (1536-38) അവിടെ മധ്യരേഖപ്പെടുത്തുള്ള റിയോ ജാപുരയിലെ ജലാശയത്തിലെത്തി . 1541-ൽ

Designed by pngtree

വെനസ്വേല തീരത്തെ കൊറോയിൽ നിന്ന് 150 ഓളം പുരുഷന്മാരെ, ക്രൂരതലും കുതിരപ്പടയാളികളെ ഹട്ടൻ നയിച്ചു.ഗോൾഡൻ സിറ്റിയെ തേടി.

വർഷങ്ങളോളം അലഞ്ഞുതിരിയുകയും നാട്ടുകാരെ ഉപദ്രവിക്കുകയും പട്ടിണിയും പനിയും മൂലം ദുർബലമാവുകയും ചെയ്ത അദ്ദേഹം റിയോ ബെർമെജോ കടന്ന് കുതിരപ്പുറത്ത് 40 ഓളം വരുന്ന ഒരു ചെറിയ സംഘത്തോടൊപ്പം ലോസ് ലാനോസിലേക്ക് പോയി, അവിടെ അവർ ധാരാളം യുദ്ധങ്ങളിൽ ഏർപ്പെട്ടു ഒമാഗ്വാസിനും ഹട്ടനും സാരമായി പരിക്കേറ്റു. 1546-ൽ കോറോയിലേക്ക് രക്ഷപ്പെട്ട തന്റെ അനുയായികളെ അദ്ദേഹം നയിച്ചു.

Designed by pngtree

# മാതൃസ്നേഹം

Donal Jomon



സ്നേഹത്തിൻ ചോലയിൽ
ഹൃദയത്തിൽ പൂവിടരും
ഉള്ളിൽ എന്നാത്മ
പുഷ്പാഞ്ജലി ആയാൽ
പത്തു മാസം വയറ്റിൽ ചുമന്നതും
കുഞ്ഞുന്നാളിൽ ചെവിക്കു പിടിച്ചതും

Designed by pngtree


തന്റെ സ്നേഹം പകർന്നങ്ങു തന്നതും
എൻ ഉള്ളിലെ മായാത്ത കാഴ്ചകൾ
അമ്മ എന്നൊരു രണ്ടക്ഷരം കൊണ്ട്
എൻ ചോരയിൽ തുറന്നിട്ടും പുഞ്ഞീട്ടു....
വങ്ങയിൽ എൻ ജീവ ശ്വാസ-
ത്തിൻ മുഖമുദ്രയാണവൾ ............
പുസ്ഥകത്താളിന്റെ നാലക്ഷര-
ചരങ്ങളിൽ തൊല്ലിത്തരുന്ന വാക്കു
കേൾക്കാൻ സ്നേഹവും ത്യാഗ-
വും നിർമ്മലവുമാണുണ്ണീ
എൻ അമ്മയെന്നും എന്റേതുമാത്രം ,
അമ്മയെ ഓർക്കുമ്പോൾ എൻ-
പിഞ്ചു കൈയ്യിലെ രോമ
ചരണങ്ങൾ തുള്ളിടുന്നു ............
പള്ളിക്കൂടത്തിന്റെ പടിവാതി-
ലിൽഎൻ കൈയ്യിൽ പിടിച്ചു
കൊണ്ടുവിട്ടു "പോകില്ല""പോകില്ല"
എന്നു പറഞ്ഞപ്പോൾ മൂർദ്ദാവിൽ
തലോടി എൻ അമ്മ ഉമ്മ തന്നു

Designed by pngtree

# ഇന്ത്യൻ ചരിത്രം

*Vighnesh K Vinod*

ദക്ഷിണേഷ്യയിലെ ഒരു രാജ്യമാണ് ഇന്ത്യ. ന്യൂഡൽഹിയാണ് ഇന്ത്യയുടെ തലസ്ഥാനം. ലോകത്തിലെ ഏറ്റവും വലിയ ഏഴാമത്തെ രാജ്യവും ഏറ്റവും അധികം ജനസംഖ്യയുള്ള രണ്ടാമത്തെ രാജ്യവും . ഏറ്റവുമധികം ജനങ്ങൾ അധിവസിക്കുന്ന ജനാധിപത്യ രാഷ്ട്രവുമാണ് ഇന്ത്യ. രാജ്യത്തിന്റെ തെക്കായി ഇന്ത്യൻ മഹാസമുദ്രവും പടിഞ്ഞാറ് അറബിക്കടലും കിഴക്ക് ബംഗാൾ ഉൾക്കടലുമുള്ള ഇന്ത്യയ്ക്ക് 7,517 കിലോമീറ്ററുകൾ (4,671 മൈ.)നീളംവരുന്ന തീരപ്രദേശമുണ്ട്. ഇന്ത്യയുടെ അതിർത്തി പ്രദേശങ്ങൾ പാകിസ്ഥാൻ,അഫ്ഗാനിസ്ഥാൻ ബംഗ്ളാദേശ്, മ്യാന്മർ, ചൈന, നേപ്പാൾ, ഭൂട്ടാൻ മുതലായ രാജ്യങ്ങളാൽ ചുറ്റപ്പെട്ടു കിടക്കുന്നു. ദ്വീപുകളായ ശ്രീലങ്ക, മാലദ്വീപ്, ഇന്തോനേഷ്യ എന്നിവ സമീപത്തായും സ്ഥിതിചെയ്യുന്നു.




സിന്ധു നദീതടസംസ്കാരഭൂമിയായ ഇവിടം പല വിശാല സാമ്രാജ്യങ്ങൾക്കും സാക്ഷ്യം വഹിച്ചിരുന്നു. ചരിത്രപരമായി പ്രാധാന്യമർഹിക്കുന്ന പല വാണിജ്യപാതകളും ഇതുവഴിയുമായിരുന്നു. ഇന്ത്യൻ ഉപഭൂഖണ്ഡം അതിന്റെ ചരിത്രത്തിലുടനീളം അതിന്റെ വാണിജ്യ സാംസ്കാരിക സമ്പത്തിനു പ്രശസ്തമാണ്. ലോകത്തെ പ്രധാനപ്പെട്ട നാലു

Designed by pngtree

മതങ്ങൾ - ഹിന്ദുമതം, ബുദ്ധമതം, ജൈനമതം, സിഖ്മതം എന്നിവ - ഇവിടെയാണ് ജന്മമെടുത്തത്. കൂടാതെ ഒന്നാം നൂറ്റാണ്ടിൽ ഇവിടെയെത്തിയ സൊറോസ്ട്രിയൻ മതം, ജൂതമതം, ക്രിസ്തുമതം, ഇസ്ലാംമതം എന്നീ മതങ്ങൾ രാജ്യത്തിന്റെ സാംസ്കാരികവൈവിധ്യത്തിന് ആഴമേകി. പതിനെട്ടാം നൂറ്റാണ്ടിന്റെ തുടക്കം മുതൽ ക്രമേണ ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി ഇന്ത്യയെ ഒരു ബ്രിട്ടീഷ് കോളനിയായി കയ്യടക്കി. തുടർന്ന് മഹാത്മാ ഗാന്ധിയുടെ നേതൃത്വത്തിൽ നടന്ന സമാധാനത്തിലൂന്നിയ സമരങ്ങളുടെ ഫലമായി 1947 ഓഗസ്റ്റ് 15 ന് ബ്രിട്ടീഷ് കൊളോണിയൽ ഭരണത്തിൽ നിന്ന് ഇന്ത്യ സ്വാതന്ത്ര്യം നേടി.

ഇന്ത്യയിൽ നാട്ടുഭാഷകൾ ഒന്നും തന്നെ ഇല്ല. 22 ഭാഷകളെ ഔദ്യോഗിക ഭാഷയായി അംഗീകരിച്ചിട്ടുള്ള ഇന്ത്യയിലെ കേന്ദ്രസർക്കാരിന്റെ ഔദ്യോഗികഭാഷ ഹിന്ദിയും ഇംഗ്ലീഷുമാണ്. 2011-ലെ സ്ഥിതി വിവരക്കണക്കുകൾ പ്രകാരം, 121 കോടിയിലധികമാണ് ജനസംഖ്യ. 70 ശതമാനം ജനങ്ങളും കൃഷിയെ ആശ്രയിച്ചാണ് ഉപജീവനം നടത്തുന്നത്.



Designed by pngtree

# ഡീഗോ മറഡോണ

ആഷിക്ക് അജി

ഡീഗോ അർമാൻഡോ മറഡോണ (ജ. ഒക്ടോബർ 30, 1960, ബ്യൂണസ് അയേഴ്സ്, അർജന്റീന) ആധുനിക ഫുട്ബോളിലെ ഏറ്റവും ശ്രദ്ധേയരായ കളിക്കാരിലൊരാളാണ്. അർജന്റീനയെ 1986-ലെ ലോകകപ്പ് കിരീടത്തിലേക്കു നയിച്ചതിൽ ശ്രദ്ധേയമായ പങ്കുവഹിച്ചു. ഇരുപതാം നൂറ്റാണ്ടിലെ മികച്ച ഫുട്ബോൾ കളിക്കാരൻ എന്ന ഫിഫയുടെ ബഹുമതി പെലെക്കൊപ്പം മറഡോണ പങ്കുവക്കുന്നു.



തന്റെ പ്രൊഫഷണൽ ക്ലബ് ഫുട്ബോൾ ജീവിതത്തിൽ, അർജന്റീനോസ് ജൂനിയേഴ്സ്, ബോക്ക ജൂനിയേഴ്സ്, ബാഴ്സലോണ, നാപ്പോളി, സെവിയ്യ, നെവെൽസ് ഓൾഡ് ബോയ്സ് എന്നീ പ്രമുഖ ക്ലബുകൾക്ക് വേണ്ടി കളിച്ചിട്ടുള്ള

Designed by pngtree

കൈമാറ്റത്തുകയിൽ ചരിത്രം സൃഷ്ടിച്ചിട്ടുണ്ട്. അന്താരാഷ്ട്രഫുട്ബോളിൽ അർജന്റീനക്ക് വേണ്ടി 91 കളികൾ കളിച്ച മറഡോണ 34 ഗോളുകൾ നേടിയിട്ടുണ്ട്.

1982 മുതൽ 1994 വരെയുള്ള നാല് ലോകകപ്പുകളിൽ അർജന്റീനക്കു വേണ്ടി മറഡോണ കളിച്ചിട്ടുണ്ട്. അതിൽ 1986-ലെ ലോകകപ്പാണ് ഏറ്റവും അവിസ്മരണീയമാക്കിയത്. മറഡോണയുടെ നായകത്വത്തിൽ കളിച്ച അർജന്റീന ടീം ഫൈനലിൽ പശ്ചിമജർമ്മനിയെ പരാജയപ്പെടുത്തി ഈ ലോകകപ്പ് നേടുകയും മികച്ച കളിക്കാരനുള്ള ഗോൾഡൻ ബോൾ മറഡോണ സ്വന്തമാക്കുകയും ചെയ്തു. ഈ ടൂർണമെന്റിലെ ക്വാർട്ടർ ഫൈനലിൽ ഇംഗ്ലണ്ടിനെതിരെയുള്ള കളിയിൽ മറഡോണ



നേടിയ രണ്ടു ഗോളുകൾ ചരിത്രത്തിലിടംപിടിച്ചു. റഫറിയുടെ ശ്രദ്ധയിൽപ്പെടാതെ കൈ കൊണ്ട് തട്ടിയിട്ട് നേടിയ ആദ്യത്തെ ഗോൾ ദൈവത്തിന്റെ കൈ എന്ന പേരിലും, ആറ്

Designed by pngtree

ഇംഗ്ലണ്ട് കളിക്കാരെ വെട്ടിച്ച് 60 മീറ്റർ ഓടി നേടിയ രണ്ടാം ഗോൾ നൂറ്റാണ്ടിന്റെ ഗോൾ ആയും വിശേഷിപ്പിക്കപ്പെടുന്നു. കളിയിൽ ഒന്നിനെതിരെ രണ്ടു ഗോളുകൾക്ക് അർജന്റീന ഇംഗ്ലണ്ടിന്റെ തോൽപ്പിച്ചു.

ലോകമെമ്പാടുമുള്ള ആരാധകവൃന്ദങ്ങൾക്കൊണ്ടും ശ്രദ്ധേയനാണ മറഡോണ. കാൽപന്തുകളിയിലെ ദൈവം എന്നുപോലും ചിലയവസരങ്ങളിൽ ഇദ്ദേഹം വിശേഷിപ്പിക്കപ്പെട്ടു.

ലോകകപ്പുകളിലും, ക്ലബ് ഫുട്ബോളിലും രാജ്യാന്തര ഫുട്ബോളിലും നടത്തിയ മികവാർന്ന പ്രകടനങ്ങളെക്കാൾ സംഭവബഹുലമായിരുന്നു മറഡോണയുടെ പൊതുജീവിതം. മയക്കുമരുന്നുപയോഗം, വിവാഹേതരബന്ധങ്ങൾ എന്നിങ്ങനെ ഒട്ടേറെ സംഭവങ്ങളിലൂടെ അദ്ദേഹം കുപ്രസിദ്ധി നേടി.

Designed by pngtree

# ക്രിസ്റ്റ്യാനോ റൊണാൾഡോ

സമ്പാ:ഫെറിൻ ലിജ്ജൂ

ഒരു പോർച്ചുഗീസ് ഫുട്ബോളറാണ് ക്രിസ്റ്റ്യാനോ റൊണാൾഡോ ദോസ് സാന്റോസ് അവേരിയോ.നിലവിൽ പോർച്ചുഗൽ ദേശീയ ടീമിനു വേണ്ടിയും യുവന്റസിനു വേണ്ടിയും കളിക്കുന്ന ഇദ്ദേഹത്തെ ലോകത്തിലെ എക്കാലത്തെയും മികച്ച ഫുട്ബോൾ കളിക്കാരിൽ ഒരാളായാണ് കണക്കാക്കുന്നത്.



സി.ഡി. നാസിയൊനൽ ടീമിലാണ് റൊണാൾഡോ തന്റെ ഫുട്ബോൾ കരിയർ ആരംഭിച്ചത്. 2008-ൽ റൊണാൾഡോ തന്റെ ആദ്യ യുവേഫ ചാമ്പ്യൻസ് ലീഗ് നേടി. കലാശക്കളിയിലെ മികച്ച കളിക്കാരനായി തിരഞ്ഞെടുക്കപ്പെട്ടത് ഇദ്ദേഹമായിരുന്നു. അതേ

Designed by pngtree

വർഷം റൊണാൾഡോ ഫിഫ വേൾഡ് പ്ലെയർ ഓഫ് ദി ഇയർ ആയും ഫിഫ്പ്രോ വേൾഡ് പ്ലെയർ ഓഫ് ദി ഇയർ ആയും തിരഞ്ഞെടുക്കപ്പെട്ടു. കൂടെ 40 വർഷത്തിൽ മാഞ്ചസ്റ്റർ യുണൈറ്റഡിൽ നിന്നുമുള്ള ആദ്യ ബാലൻദോർ ജേതാവ്വായി. 2013 വർഷത്തെ ബാലൻ ഡിയോർ പുരസ്കാരം കൂടി നേടിയതോടെ ഫുട്ബോൾ ചരിത്രത്തിൽ പ്രധാന താരങ്ങളിൽ ഒരാളായി.




2015-2016 സീസൺ റൊണാൾഡോയുടെ എക്കാലത്തെയും മികച്ച ടോപ് സ്കോറർ ആയ റൊണാൾഡോ അവരുടെ രണ്ട് കിരീടങ്ങൾ നേടുന്നതിലും പ്രധാന പങ്ക് വഹിച്ചു .2006 ലെ വേൾഡ് കപ്പിനായുള്ള യൂറോപ്യൻ യോഗ്യതാ മത്സരങ്ങളിലെ രണ്ടാമത്തെ ടോപ് സ്കോറർ ആയിരുന്നു ക്രിസ്റ്റ്യാനോ . യോഗ്യതാ മത്സരങ്ങളിൽ 7 ഗോളുകൾ നേടി . വേൾഡ് കപ്പിലെ തന്റെ ആദ്യ ഗോൾ ഇറാനെതിരെ നേടിയ റൊണാൾഡോ ക്വാട്ടർ ഫൈനലിൽ

Designed by pngtree

ഇംഗ്ലണ്ടിനെതിരെ പെനാൽറ്റി ഷൂട്ടൗട്ടിൽ ലക്ഷ്യം കണ്ടു.
ക്വാർട്ടറിൽ സ്പെയിനിനോട് തോറ്റ് പോർച്ചുഗൽ പുറത്തായി.

യൂറോപ്യൻ ഫുട്ബോളിൽ മറ്റൊരു ഇന്റർ നാഷണൽ ടൂർണമെന്റിന് യുവേഫ തുടക്കം കുറിച്ചപ്പോൾ പ്രഥമ ജേതാക്കൾ ആയത് പോർച്ചുഗൽ . സെമിഫൈനലിൽ സ്വിറ്റ്സർലാൻഡിനെതിര ഹാട്രിക് അടിച്ച റൊണാൾഡോ ടൂർണമെന്റിലെ ഫൈനൽസ് ഘട്ടങ്ങളിലെ ടോപ് സ്കോറർ ആയി . നേഷൻസ് ലീഗിലെ ഗോളോടെ 10 ഇന്റർനാഷണൽ ടൂർണമെന്റുകളിൽ ഗോൾ നേടുന്ന ആദ്യ താരമായി റൊണാൾഡോ മാറി . തുടർച്ചായി 10 ഇന്റർനാഷണൽ ടൂർണമെന്റുകളിൽ ഗോൾ നേടുന്ന ആദ്യ താരവും റൊണാൾഡോയാണ് .

*************

Designed by pngtree

# വി.മദർ തെരേസ

സമ്പാ:ജ്യോഷ്വ ജ്യോണി 9B

അൽബേനിയയിൽ ജനിച്ച് ഇന്ത്യ പ്രവർത്തന കേന്ദ്രമാക്കി ഉപവിപ്രവർത്തനങ്ങളിലൂടെ ലോകശ്രദ്ധ നേടിയ ക്രൈസ്തവ സന്യാസിനിയായിരുന്നു മദർ തെരേസ (യഥാർത്ഥ പേര്: Anjezë Gonxhe Bojaxhiu അന്യേസ (ആഗ്നസ്) ഗോൻജെ ബോയാജ്യൂ, ഓഗസ്റ്റ് 26, 1910 - സെപ്റ്റംബർ 5, 1997) മിഷണറീസ് ഓഫ് ചാരിറ്റി എന്ന കത്തോലിക്കാ സന്യാസിനീസഭ സ്ഥാപിച്ച് കൊൽക്കത്തയിലെ പാവപ്പെട്ടവരുടെയും അനാഥരുടെയും രോഗികളുടെയും ഇടയിൽ പ്രവർത്തിച്ച മദർ തെരേസയ്ക്ക് പ്രസ്തുത സേവനപ്രവർത്തനങ്ങളുടെ പേരിൽ 1979-ൽ സമാധാനത്തിനുള്ള നോബൽ പുരസ്കാരം നൽകപ്പെട്ടു. 2016 സെപ്റ്റംബർ 4-ന് മദർ തെരേസയെ ഫ്രാൻസിസ് മാർപ്പാപ്പ വിശുദ്ധയായി പ്രഖ്യാപിച്ചു.ജന്മംകൊണ്ട്



Designed by pngtree

അൽബേനിയനും, പൗരത്വം കൊണ്ട് ഇന്ത്യനും, ജീവിതംകൊണ്ട് കത്തോലിക്കസന്യാസിനിയുമാണ് താനെന്ന് മദർ തെരേസ പറയുമായിരുന്നു. മദർ തെരേസയുടെ കീഴിൽ വളർന്ന മിഷണറീസ് ഓഫ് ചാരിറ്റി ഇതര രാജ്യങ്ങളിലേക്കും പ്രവർത്തനം വ്യാപിപ്പിച്ചു. ഇപ്പോൾ 133 രാജ്യങ്ങളിലായി ഏതാണ്ട് 4,500 ഓളം സന്യാസിനിമാർ ഈ സംഘടനയുടെ പേരിൽ സന്നദ്ധപ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്നു. 45 വർഷത്തോളം ലോകത്തിലെ വിവിധയിടങ്ങളിലെ അശരണരുടേയും, രോഗികളുടേയും, അനാഥരുടേയും ആശ്രയകേന്ദ്രമായിരുന്നു മദർ തെരേസ.ജീവകാരുണ്യപ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി



ധാരാളം ബഹുമതികൾക്ക് മദർ തെരേസ അർഹയായിട്ടുണ്ട്. അമേരിക്കയിലെ ജനങ്ങൾ ആരാധിക്കുന്ന ലോകത്തിലെ പത്തു വനിതകളുടെ പട്ടികയിൽ മദർ തെരേസ ഉൾപ്പെട്ടിട്ടുണ്ട്. നോബേൽ

Designed by pngtree

സമ്മാനത്തിന്റെ ഭാഗമായി ലഭിച്ച 192,000 ത്തോളം അമേരിക്കൻ ഡോളർ ഇന്ത്യയിലെ അവശതയനുഭവിക്കുന്ന പാവങ്ങളുടെ ക്ഷേമത്തിനായി അവർ ചിലവഴിച്ചു. മദർ തെരേസക്ക് ബംഗാളി, സെർബോ-ക്രൊയേഷ്യൻ, അൽബേനിയൻ, ഇംഗ്ലീഷ്, ഹിന്ദി എന്നിങ്ങനെ അഞ്ച് ഭാഷകളിൽ പ്രാവീണ്യമുണ്ടായിരുന്നു.1983 ൽ ജോൺപോൾ രണ്ടാമൻ മാർപാപ്പയെ റോമിൽ സന്ദർശിക്കുന്ന സമയത്ത് മദർ തീരെ ക്ഷീണിതയായിരുന്നു. കൂടാതെ അവിടെ വെച്ച് മദർ തെരേസക്ക് ഹൃദയാഘാതം ഉണ്ടാവുകയും ചെയ്തു .
1989 ൽ രണ്ടാമതും ഹൃദയാഘാതം വന്നപ്പോൾ കാർഡിയാക് പേസ് മേക്കർ എന്ന ഉപകരണം പിടിപ്പിച്ചാണ് ഹൃദയത്തിന്റെ പ്രവർത്തനം സാധാരണനിലയിലാക്കിയത്. എന്നാൽ 1991 ൽ വന്ന ന്യൂമോണിയ വീണ്ടും ഹൃദയത്തിന്റെ അസുഖങ്ങളെ തിരിച്ചുകൊണ്ടു വന്നു. താൻ ഏറ്റെടുത്തിരിക്കുന്ന ഉത്തരവാദിത്തങ്ങളിൽ നിന്നും ഒഴിയാൻ മദർ തെരേസ തീരുമാനിച്ചു. അഞ്ച് മാസത്തോളം മദർ സുപ്പീരിയർ എന്ന സ്ഥാനത്തു നിന്നും ഒഴിഞ്ഞു നിന്നു. മദറിനുശേഷം മിഷണറീസ് ഓഫ് ചാരിറ്റിയുടെ ഭാവി എന്തായിരിക്കുമെന്നു പോലും ഈ സംഘടനയെക്കുറിച്ച് ആളുകൾ ഉൽക്കണ്ഠാകുലരാവാൻ തുടങ്ങി. ദൈവം എന്നെ കണ്ടെത്തിയപോലെ, എന്റെ പകരക്കാരിയേയും

Designed by pngtree

കണ്ടെത്തും എന്ന് പറഞ്ഞ് അവരെയെല്ലാം ആശ്വസിപ്പിക്കുകയായിരുന്നു മദർ. എന്നാൽ സന്യാസിനിമാർ മദർ തെരേസയിൽത്തന്നെ വിശ്വാസമർപ്പിക്കുകയായിരുന്നു. 1996 ൽ മദർ വീണ്ടു തോളെല്ലിനു പരുക്കേൽക്കുകയുണ്ടായി. കൂടാതെ ആഗസ്റ്റ് മാസത്തിൽ വന്ന മലേറിയ മദറിനെ വല്ലാതെ തളർത്തി, അതോടൊപ്പം ഹൃദയധമനിക്കു സാരമായ തകരാറുണ്ടാകുകയും ചെയ്തു. ഹൃദയശസ്ത്രക്രിയ നടത്തിയെങ്കിലും ആരോഗ്യം തീരെ മോശമാവുകയായിരുന്നു. 1997 മാർച്ച് 13 ന് മിഷണറീസ് ഓഫ് ചാരിറ്റിയുടെ എല്ലാ ചുമതലകളിൽ നിന്നും മദർ തെരേസ ഒഴിവായി.

1997 സെപ്റ്റംബർ 5 ന് എൺപത്തിയേഴാമത്തെ വയസ്സിൽ കൽക്കത്തയിൽ വച്ച് മദർ തെരേസ മരണമടഞ്ഞു.

(ADAPTED)

Designed by pngtree

# ശതാബ്ദി ആഘോഷങ്ങളിലൂടെ



CLEAN കടുത്തുരുത്തി



ELECTION 2019-20

Designed by pngtree





കലോത്സവം 2019-20





ശിശുദിനം

Designed by pngtree



കർഷകദിനം



കോഴിവിതരണം




sports day



STAFF TOUR

Designed by pngtree



വിമുക്തഭട സംഗമം



വായനാ ദിനം

Designed by pngtree



വൃദ്ധ സംഗമം

ഇവ കൂടാതെ മറ്റനേകം പരുപാടികളും
സംഗമങ്ങളും  നടത്തി, കുട്ടികൾക്കും
അധ്യാപകർക്കും
വിനോദയാത്രകളും മറ്റ് പരുപാടികളും
നടത്തി.

Designed by pngtree

# ഓണാഘോഷം













Designed by pngtree

# ക്രിസ്തുമസ് ആഘോഷം














Designed by pngtree

നൂറിന്റെ തികവിൽ അറിവിന്റെ നിറവിലേയ്ക്ക്

100

1920 -2020

CENTENNIAL

ST. MICHAEL'S
HIGHER SECONDARY SCHOOL
KADUTHURUTHY

Designed by pngtree

## ശതാബ്ദി ആഘോഷ പരിപാടികൾ 2019-2020



St.michaelsschoolkaduthuruthy.org
stmichaelshss@rediffmail.com, stmichaels1920@gmail.com
04829-285214 (H.S.S. Office), 04829-282547 (H.S.Office)

APJ CREATIONS 890737331

# THANK YOU FOR READING OUR MAGAZINE

Designed by pngtree



# നന്ദി



Designed by pngtree